# SOCIETY OF ST. VINCENT DE PAUL

## OUR LADY OF GOOD DEATH

Valiathope, Thiruvananthapuram-695 008







# വാർഷിക പ്രവർത്തന റിപ്പോർട്ട് – 2023

## Our Vision and Mission (ദർശനവും ദൗത്യവും)

Our Lady of Good Death, Valiathope Society of St. Vincent de Paul is a Christian lay voluntary organization dedicated to tackling poverty and disadvantage by providing practical assistance to those in need – irrespective of ideology, faith, ethnicity, age or gender. The vision of SSVP is to be a global catholic charity organization providing aid, development and hope to the poor and the marginalized.

(പാർശ്വവൽക്കരിക്കപ്പെട്ടവർക്കും പാവപ്പെട്ടവർക്കും സഹായങ്ങളും പ്രതീക്ഷയും നൽകുക എന്നതാണ് വലിയതോപ്പ് വിൻസെൻറ് ഡി പോൾ സൊസൈറ്റിയുടെ ദർശനം.

ദാരിദ്ര്യവും ദുരിതവും അനുഭവിക്കുന്നവരെ പ്രത്യയ ശാസ്ത്രം, വിശ്വാസം, വംശീയത, പ്രായം, ലിംഗം, തുടങ്ങിയ വ്യത്യാസങ്ങളില്ലാതെ അവരുടെ ദാരിദ്ര്യവും ദുരിതവും കൈകാര്യം ചെയ്യുന്നതിന് ആവശ്യമായ പ്രായോഗിക സഹായങ്ങൾ നൽകുന്നതിനായി സൊസൈറ്റിയെ സമർപ്പിച്ചിരിക്കുന്നു.

**വലിയത്തോപ്പ് വിൻസെൻറ് ഡി പോൾ സൊസൈറ്റി അംഗങ്ങൾ**

| Sl. No. | Name | Designation | Mobile no. |
|---|---|---|---|
| 1 | Sebastian Clement | President | 9744691548 |
| 2 | Ignatious Vincent | Vice President | 9847318936 |
| 3 | Benchamin Stephen | Secretary | 9847729980 |
| 4 | Cleetus Martin | Tressurer | 9567043822 |
| 5 | John Cruz | Member | 7907296674 |
| 6 | John Bosco D'Cruz | Member | 8547305672 |
| 7 | Cajetan Miranda | Member | 9447458321 |
| 8 | Tomson Abilius | Member | 9846025287 |
| 9 | Jerald John Cruz | Member | 7907252118 |
| 10 | Samson Rozario | Member | 7025432632 |
| 11 | Goban Kumar | Member | 9746648017 |
| 12 | Sabu Antony | Member | 7736392065 |
| 13 | Peter Joseph | Member | 9645601828 |
| 14 | M.Thankappan | Member | 9947094751 |
| 15 | Alex Fernandez | Retired Member | 7736491493 |

**Rev. Dr. Hyacinth M. Nayakam**
**Spritual Advicer cum Parish Priest**

## ആമുഖം

തോപ്പ് ഇടവകയിൽ 2017 നവമ്പർ 5 നു പ്രവർത്തനം ആരംഭിച്ച വലിയ തോപ്പ് ഔർ ലേഡി ഓഫ് ഗുഡ് ഡെത്ത് വിൻസെൻറ് ഡി പോൾ സൊസൈറ്റി ഇന്ന് ആറ് വർഷങ്ങൾ പിന്നിട്ട് ഏഴാം വർഷത്തിലേക്ക് കടുക്കുകയാണ്. 2017 ൽ തോപ്പ് ഇടവക വികാരി ആയിരുന്ന ബഹുമാനപ്പെട്ട സൈറസ് കളത്തിൽ അച്ഛനും സെയിന്റ് റോക്ക്സ് കോൺവെന്റിലെ ബഹുമാനപ്പെട്ട സിസ്റ്റർ സലോമിയുടെയും പരിശ്രമഫലമായിട്ടാണ് തോപ്പ് ഇടവകയിൽ ഈ സൊസൈറ്റി സ്ഥാപിതമാകുന്നത്.

കഴിഞ്ഞ അഞ്ച് വർഷങ്ങളിലായി നൂറു കണക്കിന് ദരിദ്ര കുടുംബങ്ങൾക്കും, രോഗികൾക്കും, അഗതി മന്ദിരങ്ങളിലും അനാഥാലയങ്ങളിലും കഴിയുന്നവർക്കും, കടൽക്ഷോഭത്തിലും തീരശോഷണത്തിലും ഭവനങ്ങൾ നഷ്ടപ്പെട്ടവർക്കും, കൊറോണ മഹാമാരിയിൽ ദുരിതത്തിലായവർക്കും അവരുടെ ജാതിയോ മതമോ വർഗ്ഗമോ പ്രദേശമോ നോക്കാതെ സഹായം എത്തിക്കുവാൻ വലിയതോപ്പ് വിൻസെൻറ് ഡി പോൾ സൊസൈറ്റിക്ക് കഴിഞ്ഞത് ദൈവഹിതമായിരുന്നു എന്ന് ഞങ്ങൾ വിശ്വസിക്കുന്നു.

ദൈവകൃപയാൽ ആറാം വർഷമായ 2023 ലും നിരവധി ദരിദ്ര കുടുംബങ്ങൾക്ക് സഹായഹസ്തമേകുവാൻ കഴിഞ്ഞതിൽ ഞങ്ങൾ സർവശക്തനായ ദൈവത്തിനു നന്ദി അർപ്പിക്കുന്നു. റിപ്പോർട്ട് വർഷത്തിൽ വിനിയോഗിച്ച ഏകദേശം 6.76 ലക്ഷം രൂപ ഉൾപ്പെടെ ഏകദേശം 45.56 ലക്ഷം രൂപയിലധികം കഴിഞ്ഞ ആറ് വർഷങ്ങളിലായി പാവങ്ങളുടെ ക്ഷേമത്തിനായി വിനിയോഗിക്കുവാൻ സാധിച്ചു. ഇതുകൂടാതെ മറ്റ് സ്ഥാപനങ്ങൾ വഴി നേരിട്ടും അർഹരായവർക്ക് സഹായങ്ങൾ എത്തിക്കുവാൻ സാധിച്ചു.

**യോഗങ്ങൾ സന്ദർശനങ്ങൾ**

റിപ്പോർട്ട് വർഷത്തിൽ 43 പ്രതിവാര യോഗങ്ങൾ കൂടുകയും അഗതി മന്ദിരങ്ങളിലും അനാഥാലയങ്ങളിലുമായി 11 സന്ദർശനങ്ങൾ നടത്തുകയും ചെയ്തു.

**പുതിയ അംഗങ്ങൾ**

റിപ്പോർട്ട് വർഷത്തിൽ 2 പേർക്ക് പുതിയ അംഗത്വം നൽകുകയുണ്ടായി.

## പ്രധാന പ്രവർത്തനങ്ങൾ

1. **ദത്ത് കുടുംബ സഹായം**

   വിൻസെൻറ് ഡി പോൾ സൊസൈറ്റിയുടെ അടിസ്ഥാന പ്രവർത്തനങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് പാവപ്പെട്ട കുടുംബങ്ങളെ ദത്ത് എടുത്ത് അവരെ തുടർച്ചയായി സഹായിക്കുകയും പ്രതിസന്ധികളെ മറികടക്കാൻ ആവശ്യമായ സഹായങ്ങൾ ചെയ്തു നൽകുകയും ചെയ്യുക എന്നത്.

| ആവശ്യം | കുടുംബങ്ങളുടെ എണ്ണം | നൽകിയ തുക |
|---|---|---|
| ഭക്ഷണ ചെലവുകൾ | 3 | 44000.00 |
| വിദ്യാഭ്യാസ ചെലവുകൾ | 2 | 94000.00 |
| മെഡിസിൻ & ചികിത്സ ചെലവുകൾ | 2 | 59824.00 |
| **ആകെ** | **7** | **197824.00** |

2. **അനാഥാലയങ്ങൾക്കും അഗതിമന്ദിരങ്ങൾക്കുമുള്ള സഹായങ്ങൾ**

   അനാഥാലയങ്ങൾ, അഗതിമന്ദിരങ്ങൾ, പാവപ്പെട്ട കുട്ടികളെ താമസിപ്പിച്ച് പഠിപ്പിക്കുന്ന സ്കൂളുകൾ, സ്ഥാപനങ്ങൾ, മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്നവരെ ശുശ്രൂഷിക്കുന്ന സ്ഥാപനങ്ങൾ എന്നിവ സന്ദർശിച്ച് ആ ഭവനങ്ങൾ നടത്തുന്നതിനാവശ്യമായ കുറവുകൾ കണ്ടെത്തി സഹായിക്കുന്നത് കോഫെറൻസിന്റെ ആരംഭം മുതൽ തുടർച്ചയായി നടത്തി വരുന്ന ഒരു വേറിട്ട സേവന പ്രവത്തനമാണ്. മാസപ്രവർത്തനം എന്ന പേരിലാണ് ഈ പ്രവർത്തനം നടത്തി വരുന്നത്. റിപ്പോർട്ട് വർഷത്തിൽ ഇത്തരത്തിൽ 11 സന്ദർശനങ്ങൾ നടത്തുകയുണ്ടായി. ഈ സ്ഥാപനങ്ങൾക്കായി **125729** രൂപ ചെലവാക്കുകയുണ്ടായി. അവയുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.



| ക്രമ നമ്പർ | സ്ഥാപനം | സന്ദർശനങ്ങളുടെ എണ്ണം | ചെലവാക്കിയ തുക |
|---|---|---|---|
| 1 | ഓസാന കാരുണ്യ ഭവൻ, ആഴകുളം, വിഴിഞ്ഞം | 1 | 14800 |
| 2 | ബോയിസ് ടൗൺ മൺവിള | 3 | 33547 |
| 3 | സാധന മൺവിള | 1 | 9936 |
| 4 | മദർ തെരേസ ഹോം ശാസ്തവട്ടം | 2 | 17962 |
| 5 | ബക്കിത്ത ഗേൾസ് സെൻറർ വെട്ടുത്തുറ | 1 | 9994 |
| 6 | കാർഗിൽ ചാരിറ്റബിൾ ട്രസ്റ്റ് പൂന്തുറ | 1 | 10000 |
| 7 | സാധന പുത്തൻതോപ്പ് | 1 | 10390 |
| 8 | സ്നേഹ തീരം ഉദിരംകുഴി | 1 | 19100 |
| | **ആകെ** | **11** | **125729** |

### 3. വിദ്യാഭാസ സഹായം

സ്കൂൾ, കോളേജ് വിദ്യാഭ്യാസത്തിനു ഫീസ്, ഹോസ്ററൽ ഫീസ്, എന്നിവ കൊടുക്കാൻ കഴിയാതിരുന്ന 7 കുട്ടികൾക്ക് ഫീസ് അടയ്ക്കാനും ഹോസ്റ്റൽ ഫീസിനുമായി 52795 രൂപ നൽകി സഹായിച്ചു

#### 3.1. വിദ്യാഭാസ സ്കോളർഷിപ്പ്

സെൻട്രൽ കൗൺസിലിന്റെ സഹായത്തോടെ കടൽക്ഷോഭത്തിലും തീരശോഷണത്തിലും ഭവനങ്ങൾ നഷ്ടപ്പെട്ടവരും ദാരിദ്ര്യ അവസ്ഥയിലുമുള്ള ഇടവക അംഗങ്ങളായ കുടുംബങ്ങളിലെ +2 വരെ പഠിക്കുന്ന 9 വിദ്യാർത്ഥികൾക്ക് പ്രതിമാസം 1500 രൂപ വീതം സ്കോളർഷിപ്പ് നൽകി വരുന്നു. ഇതിനായുള്ള തുക സ്പോൺസർ ചെയ്ത വിദേശത്തെ വിൻസെൻറ് ഡി പോൾ സൊസൈറ്റി അംഗങ്ങൾക്കും

തിരുവനന്തപുരം സെൻട്രൽ കൗൺസിൽ ഭാരവാഹികൾക്കും അകമഴിഞ്ഞ നന്ദിയും പ്രാർത്ഥനാശംസകളും നേരുന്നു.



4. **മെഡിസിൻ – ചികിത്സ സഹായം**

ഇടവക അംഗങ്ങളും അല്ലാത്തതുമായ വിവിധ ജാതി മത വിഭാഗത്തിൽ ഉൾപ്പെട്ട പാവപ്പെട്ട രോഗികൾക്ക് മെഡിസിനും ചികിത്സ സഹായവുമായി റിപ്പോർട്ട് വർഷത്തിൽ 68787 രൂപ ചിലവാക്കുവാൻ സാധിച്ചു. ഇതു കൂടാതെ നിരവധി ക്യാൻസർ രോഗികൾക്ക് അവശ്യമായ മെഡിസിൻ, തിരുവനന്തപുരം കോർപ്പറേഷൻ വഴി സ്ഥിരമായി ലഭ്യമാക്കുവാൻ ആവശ്യമായ സഹായങ്ങൾ ചെയ്തു നൽകുകയുണ്ടായി.

5. **വീട് അറ്റകുറ്റപണികൾക്കുള്ള സഹായങ്ങൾ**

കാലപ്പഴക്കത്തിൽ വീട് ശോചനീയ അവസ്ഥയിൽ താമസ യോഗ്യമല്ലാതായ 2 കുടുംബങ്ങൾക്ക് അടിയന്തിര അറ്റകുറ്റ പണികൾ ചെയ്യുന്നതിന് ആവശ്യമായ സഹായങ്ങൾ ചെയ്തു നൽകുകയുണ്ടായി. ഇതിനായി 21000 രൂപ ചിലവാക്കുവാൻ സാധിച്ചു.

6. **തീരശോഷണത്തിൽ ഭൂമിയും വീടും നഷ്ട്ടപ്പെട്ട കുടുംബങ്ങൾക്കുളള വീട്ട് വാടക**

കടൽക്ഷോഭവും തീരശോഷണവും കാരണം ഭൂമിയും വീടും നഷ്ടപ്പെട്ട കുടുംബങ്ങൾക്ക് രൂപത വഴി പ്രതിമാസം 1500 രൂപ വീതം വീട്ട് വാടക നൽകിവരുന്നു. ഇതിൽ 2 കുടുംബങ്ങൾക്കുളള വീട്ട് വാടകയായി പ്രതിമാസം 3000 രൂപ തീരദേശ മൽസ്യത്തൊളിലാളി ഫോറം വഴി രൂപതക്ക് കോൺഫറൻസിൽനിന്നും നൽകിവരുന്നു.

7. **വിവാഹ ധനസഹായം**

പാവപ്പെട്ട 2 കുടുംബങ്ങളിലെ പെൺകുട്ടികളുടെ വിവാഹ ചെലവുകൾക്കായി സാമ്പത്തിക സഹായം നൽകുകയുണ്ടായി. ഇതിനായി 10000 രൂപ ചിലവാക്കുവാൻ സാധിച്ചു.

8. **സി. സി. അഗതി മന്ദിര നിർമാണ ഫണ്ട്**

അഗതികളായ സ്ത്രീകളെ പുനരധിവസിപ്പിക്കുന്നതിനു സെൻട്രൽ കൗൺസിലിൻറെ നേതൃത്വത്തിൽ നിർമ്മിക്കുന്ന മന്ദിരത്തിനായി 10000 രൂപ കോൺഫറൻസ് അംഗങ്ങളിൽ നിന്നും സമാഹരിച്ച് നൽകുവാൻ സാധിച്ചു. ഇടവക അംഗങ്ങളിൽ നിന്നും മറ്റ് സുമനസുകളിൽ നിന്നും അഗതി മന്ദിര നിർമാണത്തിന് ആവശ്യമായ ധനസമാഹരണം നടത്തിവരുന്നു. ഇതുവരെ ഇതിനായി ശേഖരിച്ച തുകയിൽ 25000 രൂപ ഇതിനകം സി. സി. യിൽ നൽകുകയുണ്ടായി. അതോടൊപ്പം ഈ യോഗത്തിൽ വച്ച് 2 ലക്ഷം രൂപ കൂടി കൈമാറുന്നു. ഇതിനായുള്ള ഫണ്ട് ശേഖരണം തുടരുന്നതാണ്.

9 **മരണാന്തര ചെലവുകൾക്കുള്ള സഹായം**

അടക്കം ഉൾപ്പെടെയുള്ള മരണാനന്തര ചെലവുകൾക്കായി പണം കണ്ടെത്താൻ പ്രയാസപ്പെട്ട പാവപ്പെട്ട കുടുംബത്തിന് മരണാനന്തര ചെലവുകൾക്കായി 5000 രൂപ സാമ്പത്തിക സഹായം നൽകുകയുണ്ടായി.

10. **മററ് സഹായങ്ങൾ**

- പ്ലസ് 2 കഴിഞ്ഞു ഉപരിപഠനം നടത്തിക്കൊണ്ടിരിക്കുന്ന 2 കുട്ടികളുള്ളതും, മാതാപിതാക്കൾ വേർപിരിഞ്ഞ് താമസിക്കുന്നതുമായ കുടുംബത്തിന് തൊഴിൽ ചെയ്തു ജീവിക്കുന്നതിന് തയ്യൽ മെഷീനും മോട്ടോറും വാങ്ങി നൽകി. ഇതിനായി 8900 രൂപ ചിലവായി.
- മണിപ്പൂരിലെ വർഗീയ സംഘർഷത്തിൽ ദുരിതമനുഭവിക്കുന്നവരെ സഹായിക്കുന്നതിന് 5700 രൂപ അംഗങ്ങളിൽ നിന്നും സമാഹരിച്ച് നൽകുവാൻ സാധിച്ചു.

11. **യുവജന കോൺഫറൻസിനുള്ള പ്രവർത്തന സഹായങ്ങൾ**

ഈ വാർഷികത്തിൽ ഞങ്ങളോടൊപ്പം വിൻസെൻറ് ഡി പോൾ സൊസൈറ്റിയുടെ യുവജന കോൺഫറൻസ് അവരുടെ പ്രവർത്തനത്തിൻെറ ഒന്നാം വാർഷികം ആഘോഷിക്കുകയാണ്. സേവന പ്രവർത്തനങ്ങളിൽ





യുവജനങ്ങളുടെ പങ്കാളിത്തവും സഹകരണവും നാൾക്കുനാൾ കുറഞ്ഞു വരുന്ന പശ്ചാത്തലത്തിലും ഈ കാലഘട്ടത്തിൽ യുവജനങ്ങൾ സേവന വഴികളിലൂടെ സഞ്ചരിച്ച് ദൈവസ്നേഹം തിരിച്ചറിയുവാനും സേവന തല്പരത വളർത്തിയെടുത്ത് അതിലൂടെ ദൈവ സ്നേഹത്തിൽ വളർന്നു വരുന്ന ഒരു യുവ തലമുറയെ സൃഷ്ടിക്കുവാനും ലക്ഷ്യം വച്ചാണ് തോപ്പ് ഇടവകയിൽ ഒരു യുവജന കോൺഫറൻസ് രൂപീകരിച്ചിട്ടുള്ളത്. ഇതിനായി ദൈവം തെരഞ്ഞെടുത്ത നമ്മുടെ യുവജങ്ങൾ വ്യത്യസ്തവും മാതൃകാപരവുമായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് അവ ഫലപ്രദമായി നടത്തുന്നതിലൂടെ ഒരു മാതൃകാ യുവജന കോൺഫറൻസായി പ്രവർത്തിച്ച് മുന്നേറുന്നതിനാവശ്യമായ എല്ലാ സഹായ സഹകരണങ്ങളും ഔർ ലേഡി ഓഫ് ഗുഡ് ഡെത്ത് കോൺഫറൻസ് നൽകിവരുന്നു.

### 12. ക്രിസ്തുമസ് കിറ്റ് വിതരണം

പുതിയ പ്രത്യാശയുടെയും സമാധാനത്തിന്റെയും സദ്വാർത്തയുടെ നാളുകളാണല്ലോ ക്രിസ്തുമസും പുതുവർഷാരംഭവും. ഈ ദിനങ്ങളിൽ നമുക്ക് ചുറ്റും ക്രിസ്തുമസ് ആഘോഷിക്കാൻ കഴിയാതെ ദുരിത ജീവിതം നയിക്കുന്ന മനുഷ്യരെ കണ്ടെത്തി അവർക്കും ആത്മാഭിമാനത്തോടെ ക്രിസ്തുമസ് ആഘോഷിക്കുവാൻ അവസരം നൽകുക എന്ന ലക്ഷ്യത്തോടെയാണ് ക്രിസ്തുമസ് തലേന്ന് ക്രിസ്തുമസ് കിറ്റുകൾ നൽകിവരുന്നത്. ഈ വർഷവും നാനാജാതി മതസ്ഥരായ 72 കുടുംബങ്ങൾക്ക് ക്രിസ്തുമസ് കിറ്റുകൾ നൽകുവാൻ സാധിച്ചു. ഇതിൽ ഭൂരിപക്ഷം പേരും മറ്റു മതവിഭാഗത്തിൽ ഉൾപ്പെട്ടവരോ സമീപ ഗ്രാമങ്ങളിൽ ഉള്ളവരോ ആയ സഹോദരങ്ങളാണ്. ഇതിനായി 82040 രൂപ ചെലവിട്ടു. ഇതു കൂടാതെ വലിയതുറ ഫെറോന മൽസ്യ ശുശ്രൂഷ സമിതി വഴി പാവപ്പെട്ടവർക്ക് പലവ്യജ്ഞന കിറ്റുകൾ നൽകുവാൻ 4820 രൂപയും ചിലവാക്കി.









### ദിവ്യബലികൾ

സെപ്തംബർ 9 ന് വാഴത്തപ്പെട്ട ഫെഡറിക് ഓസാനാമിൻെറ തിരുന്നാളിനും സെപ്തംബർ 27 ന് വി. വിൻസെൻറ് ഡി പോളിൻെറ തിരുന്നാളിനും ഡിസംബർ 8 ന് മാതാവിൻെറ അമലോൽഭവ തിരുന്നാളിനും കോൺഫറൻസ് വാർഷികത്തിനും ദിവ്യബലി അർപ്പിക്കുവാൻ ഏർപ്പാട് ചെയ്യുകയുണ്ടായി.

**ഏരിയ കൗൺസിൽ യോഗങ്ങളിലെ പങ്കാളിത്തം**


വലിയതുറ ഏരിയ കൗൺസിൽ വിളിച്ച് കൂട്ടുന്ന ഏരിയ കൗൺസിൽ യോഗങ്ങളിൽ കോൺഫറൻസ് ഭാരവാഹികൾ കൃത്യമായി പങ്കെടുക്കുകയും ലഭിക്കുന്ന മാർഗ നിർദേശങ്ങൾക്കനുസരിച്ച് പ്രവർത്തനങ്ങൾ ക്രമപ്പെടുത്തുകയും ചെയ്തു വരുന്നു.

**സംഭാവനകൾ നൽകി സഹായിക്കുന്നവർ**

ഇടവക ജനങ്ങളെ കൂടാതെ വിവിധ ദേശക്കാരും വിവിധ ജാതി മത വിശ്വാസത്തിൽ പെട്ടവരുമായ ആളുകൾ അകമഴിഞ്ഞ് സഹായിക്കുന്നതുകൊണ്ട് മാത്രമാണ് ഞങ്ങൾക്ക് പാവപ്പെട്ടവർക്കു സഹായങ്ങൾ നൽകുവാൻ സാധിക്കുന്നത്. ഞങ്ങൾക്ക് ലഭിക്കുന്ന ഓരോ ചെറിയ സംഭാവനയും അർഹതപ്പെട്ടവരുടെ കൈകളിൽ എത്തുന്നു എന്ന് ഉറപ്പാക്കുവാൻ ഞങ്ങൾ പ്രത്യേകം ശ്രദ്ധ ചെലുത്താറുണ്ട്. ഞങ്ങൾക്ക് സംഭാവനകൾ നൽകുന്ന ആളുകൾ പാവപ്പെട്ടവർക്ക് ആ സഹായം എത്തിക്കുന്നതിന് ഞങ്ങളെ തെരഞ്ഞെടുക്കുകയാണ് ചെയ്യുന്നത് എന്ന് ഞങ്ങൾക്ക് ഉത്തമ ബോദ്ധ്യമുണ്ട്. അതുകൊണ്ടുതന്നെ കഴിഞ്ഞ ആറ് വർഷവും ഞങ്ങളുടെ പ്രവർത്തനങ്ങൾക്കു പ്രാർഥന സഹായങ്ങളും സംഭാവനകളും നൽകിയ എല്ലാ സുമനസ്സുകൾക്കും ഈ അവസരത്തിൽ ആത്മാർഥമായ നന്ദി അർപ്പിക്കുന്നതോടൊപ്പം പ്രാർത്ഥനാശംസകൾ നേരുകയും ചെയ്യുന്നു. അതോടൊപ്പം ഞങ്ങളിലൂടെ സഹായങ്ങൾ സ്വീകരിച്ച എല്ലാ സഹോദരങ്ങൾക്കും കുടുംബങ്ങൾക്കും ആത്മാർഥമായ പ്രാർത്ഥനാശംസകൾ നേരുന്നു.

**ഉപസംഹാരം**

ഞങ്ങളുടെ ആത്മീയ ഉപദേഷ്ടാവും ഇടവക വികാരിയുമായ ബഹുമാനപ്പെട്ട ഹയസിന്ത് എം നായകം അച്ചന്റെ പ്രോത്സാഹനവും മാർഗദർശനങ്ങളും ഈ അവസരത്തിൽ നന്ദിയോടെ സ്മരിക്കുന്നു. എപ്പോഴും പ്രചോദനവും മാർഗനിർദേശങ്ങളും നൽകി ഞങ്ങളെ വഴി നടത്തുന്ന സെൻട്രൽ കൗൺസിൽ ഏരിയ കൗൺസിൽ ഭാരവാഹികൾക്കും ഹൃദ്യമായ നന്ദി രേഖപ്പെടുത്തുന്നു. ഏറെ പ്രത്യേകിച്ച് അങ്ങേയറ്റം ഐക്യത്തോടെയും കെട്ടുറപ്പോടെയും സൊസൈറ്റിയുടെ നിലനിൽപ്പിനു പ്രാധാന്യം കൊടുത്തുകൊണ്ട് ആത്മാർഥമായി പ്രവർത്തിക്കുന്ന കോൺഫറൻസിലെ മുഴുവൻ അംഗങ്ങൾക്കും വിശിഷ്യാ ഞങ്ങൾക്ക് വിജയകരമായി നേതൃത്വം നൽകി പ്രവർത്തിച്ചു വരുന്ന സൊസൈറ്റി പ്രസിഡന്റ് ബ്രദർ സെബാസ്റ്റ്യൻ, വൈസ് പ്രസിഡൻറ് ബ്രദർ ഇഗ്നേഷ്യസ് വിൻസെന്റ്, സെക്രട്ടറി ബ്രദർ ബഞ്ചമിൻ, ട്രഷറർ ബ്രദർ ക്ലീറ്റസ് മാർട്ടിൻ, ആഭ്യന്തര ഓഡിറ്റർമാരായി പ്രവർത്തിച്ചുവരുന്ന ബ്രദർ കെജിറ്റൻ മിരാൻഡ, ബ്രദർ ജെറാൾഡ് ജോൺ ക്രൂസ് എന്നിവരുടെ സേവനങ്ങൾ വിലമതിക്കാനാകാത്തതാണ്. അവരെയും ഈ അവസരത്തിൽ നന്ദിയോടെ സ്മരിക്കുന്നു. രണ്ട് പുതിയ അംഗങ്ങളായ ബ്രദർ പീറ്റർ ജോസഫ്, ബ്രദർ എം. തങ്കപ്പൻ എന്നിവരുടെ സാന്നിദ്ധ്യം വരുംവർഷങ്ങ ങ്ങളിലെ പ്രവർത്തനങ്ങൾക്ക് കൂടുതൽ ആക്കം കൂട്ടും എന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ഞങ്ങളുടെ പ്രവർത്തന പാതകളിൽ പ്രകാശമായ സർവശക്തനായ പിതാവിനോട് പ്രാർഥിച്ചുകൊണ്ട് ഏവരുടെയും അറിവിനും അംഗീകാരത്തിനുമായി 2023 ലെ ഈ വാർഷിക പ്രവർത്തന റിപ്പോർട്ട് സമർപ്പിക്കുന്നു.



Financial Statements - 2023 (വരവ് ചെലവ് കണക്കുകൾ 2023 ജനുവരി മുതൽ ഡിസംബർ വരെ)

## സൊസൈറ്റി ഓഫ് വിൻസെന്റ് ഡി പോൾ ഔർ ലേഡി ഓഫ് ഗുഡ് ഡെത്ത്, വലിയതോപ്പ്

## വരവ് ചെലവ് കണക്കുകൾ 2023 ജനുവരി മുതൽ ഡിസംബർ വരെ

| ക്രമ നമ്പർ | വരവ് | തുക | ചെലവ് | തുക |
|---|---|---|---|---|
| 1 | സംഭാവന | 321993 | പാവപ്പെട്ട കുടുംബംങ്ങൾക്ക് പലവ്യജ്ഞന കിററ് നൽകിയത് | 4820 |
| 2 | രഹസ്യ പിരിവ് | 46255 | വാർഷിക യോഗത്തിന്റെ ചെലവുകൾ | 11600 |
| 3 | മാസവാരി | 5300 | വാർഷിക റിപ്പോർട്ട് ഡിസൈനിംഗ് & പ്രിന്റിംഗ് | 4600 |
| 4 | ബാങ്ക് പലിശ | 5075 | ദത്തു കുടുംബ സഹായം | 197824 |
| 5 | സി.സി. അഗതി മന്ദിര നിർമ്മാണ ഫണ്ട് ശേഖരണം | 25000 | വിദ്യാഭ്യാസ സഹായം | 52795 |
| 6 | ലാപ് ടോപ്പ് ഗുണഭോക്തൃ വിഹിതം | 2000 | പൂജയുടെ ചെലവുകൾ | 3075 |
| 7 | വായ്പ തിരിച്ചടവ് നിഖിൽ | 14132 | വീട് വാടക തിരശോഷണത്തിൽ വീട് നഷ്ടപ്പെട്ടവർക്ക് TMF | 36000 |
| 8 | കുടുംബ സംഗമത്തിന് അംഗങ്ങളിൽ നിന്നുള്ള വിഹിതം | 1450 | അഗതി മന്ദിരങ്ങൾക്കുള്ള സഹായം | 125729 |
| 9 | ചികിത്സ സഹായവും വിവാഹ സഹായവും തിരിച്ചടച്ചത് | 15000 | വീട് പുനരുദ്ധാരണം | 21000 |
| 10 | | | ചികിത്സ സഹായം & മെഡിസിൻ | 68787 |
| 11 | | | ഏരിയ കൗൺസിൽ വിഹിതം | 3885 |
| 12 | | | വിവാഹ സഹായം | 10000 |
| 13 | | | പാവപ്പെട്ട കുടുംബത്തിന് തയ്യൽ മെഷീൻ | 8900 |
| 14 | | | പ്രിന്റിംഗ് & സ്റ്റേഷനറി | 1350 |
| 15 | | | ബാങ്ക് ചാർജസ് | 398 |
| 16 | | | മണിപ്പൂർ സഹായം | 5700 |
| 17 | | | സി.സി. അഗതി മന്ദിര വിഹിതം അടച്ചത് | 25000 |
| 18 | | | സ്പോൺസർമാർക്കുള്ള ക്രിസ്മസ് കേക്ക് | 600 |
| 19 | | | മറ്റു ചെലവുകൾ | 780 |
| 20 | | | യുവജന കോൺഫെറൻസിന് നൽകിയത് | 6500 |
| 21 | | | ക്രിസ്മസ് കിറ്റ് വിതരണം | 82040 |
| 22 | | | മരണാനന്തര ചെലവുകൾ നൽകിയത് | 5000 |
| **ആകെ വരവ്** | | **436205** | **ആകെ ചെലവ്** | **676383** |
| മുൻ നീക്കിയിരിപ്പ് | | 314545 | നീക്കിയിരിപ്പ് | 74367 |
| **ആകെ** | | **750750** | **ആകെ** | **750750** |

| | |
|---|---|
| ക്യാഷ് ബാങ്കിൽ | 68107 |
| ക്യാഷ് കൈയ്യിൽ | 6260 |
| **ആകെ** | **74367** |

സെബാസ്റ്റ്യൻ ക്ലെമൻറ്
(പ്രസിഡൻറ്)

ക്ലിറ്റസ് മാർട്ടിൻ
(ട്രെഷറർ)

ബെഞ്ചമിൻ സ്റ്റീഫൻ
(സെക്രട്ടറി)

കാക്സ്റ്റൺ പ്രസ്, വെട്ടുകാട്, 9846285699